# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2787** **06.11.2019 ലെ മറുപടി**

## ആലപ്പാട്ട് കടൽഭിത്തി പുനർനിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ : | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ആലപ്പാട്ട് ഗ്രാമപഞ്ചായത്തിൽ ഓഖി ചുഴലിക്കാറ്റിനെ തുടർന്നുണ്ടായ കടൽക്ഷോഭത്തിൽ തകർന്ന കടൽഭിത്തിയുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;<br><br>(ബി) ഇതിനായി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;<br><br>(സി) പ്രസ്തുത പ്രവൃത്തിക്കുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; പ്രവൃത്തി ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ;<br><br>(ഡി) പ്രസ്തുത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിച്ച് തീരദേശവാസികളുടെ ആശങ്ക അകറ്റുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദമാക്കുമോ? | (എ) ആലപ്പാട് പഞ്ചായത്തിനെ കടലാക്രമണത്തിൽ നിന്നും പ്രതിരോധിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുന്നതിനും സ.ഉ(എം.എസ്)21/ 2019/ജവിവ തീയതി 15.06.2019 പ്രകാരം കൊല്ലം ജില്ലയിൽ അനുവദിച്ചിരിക്കുന്ന<br>(ബി) ആകെ തുകയായ 2.50 കോടി രൂപയിൽ അടിയന്തിര തീരസംരക്ഷണത്തിനായി<br>(സി) ജിയോബാഗ് ഉപയോഗിച്ചുള്ള സംരക്ഷണ ഭിത്തി നിർമ്മാണത്തിനായി 136.10 ലക്ഷം രൂപയുടെ 11 പ്രവൃത്തികൾക്ക് ഭരണാനുമതി<br>(ഡി) നൽകി ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ രൂക്ഷമായ കടലാക്രമണത്തെ തുടർന്ന് ആലപ്പാട് പഞ്ചായത്തിൽ പണിക്കര് കടവ് ഭാഗത്ത് തീരസംരക്ഷണത്തിനായി 146.00 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്ക് കൂടി അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു. 2019-20 സാമ്പത്തികവർഷത്തിൽ ASE(N/P) പ്രകാരം കരുനാഗപ്പള്ളി, ചെറിയഴീക്കൽ ഭാഗത്തെ തീരസംരക്ഷണത്തിനായി 45.00 ലക്ഷം രൂപയുടെ 3 പ്രവൃത്തികൾക്ക് അനുമതി നൽകുകയും അവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. മേൽ പ്രവൃത്തികളുടെ ഭരണാനുമതിയുടെ പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു. കൂടാതെ അനുബന്ധം(2) പ്രകാരമുള്ള എസ്റ്റിമേറ്റുകൾ ഭരണാനുമതി ലഭ്യമാക്കുന്നതിനായി നടപടിയെടുത്തുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

**File No.IR2/570/2017-WRD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

**ജലസേചന വകുപ്പ് -ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, ആറാട്ടു വഴി എറണാകുളം ജില്ലയിലെ ചെല്ലാനം, തിരുവനന്തപുരം ജില്ലയിലെ വലിയ തുറ മുതലായ 9 തീരദേശജില്ലകളിൽ അടിയന്തരമായി കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള തുക- ജില്ലാ ദുരന്ത നിവാരണ സമിതിയ്ക്ക് അനുവദിക്കുന്നതിന് - അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ജലവിഭവ (ഐആർ) വകുപ്പ്**

G.O.(Ms)No.21/2019/WRD തീയതി,തിരുവനന്തപുരം, 15/06/2019

---

പരാമർശം:- 12.06.2019-ൽ ബഹു. ജലവിഭവ, ഫിഷറീസ് മന്ത്രിമാരുടെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിലെ തീരുമാനങ്ങൾ

**ഉത്തരവ്**

കേരളത്തിന്റെ കടൽ തീരത്തിലെ കടൽഭിത്തി നിർമ്മിക്കപ്പെട്ടിട്ടില്ലാത്ത 210 കി.മീറ്ററിൽ ഏകദേശം 23 കി.മീ. കടുത്ത കടലാക്രമണം നേരിടുന്ന നടപടി സംബന്ധിച്ച് 12.06.2019-ലെ പരാമർശത്തിലുള്ള യോഗം വിലയിരുത്തി. അനുബന്ധം 1-ൽ സൂചിപ്പിക്കുന്ന 9 തീരദേശ ജില്ലകളിലെ പ്രദേശങ്ങളിലാണ് രൂക്ഷമായ കടൽ ക്ഷോഭം മൂലം നാശനഷ്ടം നേരിടുന്നത് എന്ന് യോഗം വിലയിരുത്തി.

2) പരാമർശത്തിലെ യോഗ നിർദ്ദേശമനുസരിച്ച് കടൽതീരം സംരക്ഷിക്കുന്നതിനും കടലാക്രമണം ചെറുക്കുന്നതിനുമായി 2019 - 2020 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ പ്ലാൻ ഇനത്തിൽ 46 ലക്ഷം രൂപയും, നോൺ പ്ലാൻ ഇനത്തിൽ 11.55 കോടി രൂപയുമാണ് വകയിരുത്തിയിട്ടുള്ളത്. ജലസേചന വകുപ്പിന് ലഭ്യമായ എസ്റ്റിമേറ്റുകൾ പ്രകാരം അനുബന്ധം 1-ൽ പ്രതിപാദിക്കുന്ന പ്രദേശങ്ങളിൽ അടിയന്തിരമായി താൽക്കാലിക പ്രതിരോധ പ്രവർത്തനങ്ങൾ അനുവദിക്കുവാൻ നോൺ പ്ലാൻ ഇനത്തിൽ 22.5 കോടി രൂപ കൂടി അധിക തുക അനുവദിക്കേണ്ടതുമുണ്ട് . ആയതിന്റെ ജില്ലാതല വിശദാംശങ്ങൾ അനുബന്ധം 1-

ൽ വിശദീകരിക്കുന്നു. ജില്ലാടിസ്ഥാനത്തിൽ ജിയോ ബാഗുകൾ വാങ്ങാനുള്ള തുകയോടൊപ്പം പ്രവൃത്തി സ്ഥലത്തു വേണ്ട അടിയന്തിര ചെലവുകൾക്ക് ലേബർ ബഡ്ജറ്റിന്റെ 10%വും ജില്ലാ കളക്ടർമാർ, ബന്ധപ്പെട്ട ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക്, ക്രമപ്പെടുത്തലിന് വിധേയമായി ഉടനടി അഡ്വാൻസ് നൽകേണ്ടതാണ്. ഇപ്രകാരം അഡ്വാൻസ് ചെയ്യുന്ന തുകയുടെ വിവരം കളക്ടർമാർ ജലവിഭവ വകുപ്പ് ഐ.ആർ വിഭാഗത്തേയും, ചീഫ് എഞ്ചിനീയറും(ജലസേചനവും ഭരണവും) അന്നന്ന് അറിയിക്കേണ്ടതാണ്. അഡ്വാൻസ് തുക ജലവിഭവ വകുപ്പ് ബില്ല് മാറുന്ന മുറയ്ക്ക് ജില്ലാ കളക്ടറുടെ ചെലവുമായി ക്രമപ്പെടുത്തുന്നതാണ്.

3.ജിയോബാഗ് അഥവാ മണൽചാക്ക് അടിയന്തരമായി വാങ്ങുന്നതിലേക്ക് അതാത് ജില്ലാ കളക്ടർമാർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റ് അനുസരിച്ച് പണം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ലഭ്യമായ അക്കൗണ്ടിൽ നിന്നും അഡ്വാൻസ് ചെയ്യേണ്ടതും ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ആവശ്യമായ ബാഗുകൾ ദുരിത ബാധിത പ്രദേശത്ത് ലഭ്യമാക്കേണ്ടതുമാണ്. തുടർന്ന് ജില്ലാ കളക്ടറുടെ നിരീക്ഷണത്തിൽ പഞ്ചായത്തുകളുടെയും, ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ സഹകരണത്തോടെ പ്രദേശ വാസികളുടെ കൂടി തൊഴിൽ പങ്കാളിത്തത്തോടെ മണൽചാക്കുകൾ/ ജിയോബാഗുകൾ കടലാക്രമണ ബാധിതപ്രദേശത്ത് ഉടനടി വിന്യസിക്കേണ്ടതാണ്. ഈ പ്രവൃത്തികൾ എല്ലാം വീഡിയോ രേഖയിൽ സൂക്ഷിക്കണം. ഈ പ്രവൃത്തികൾ 13.06.2019 -ന് ആരംഭിക്കേണ്ടതും ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തീകരിക്കേണ്ടതുമാണ്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. രൂക്ഷമായ കടലാക്രമണം നേരിടുന്ന തീരദേശ ജില്ലകളിലെ അനുബന്ധം 1-ൽ പറയുന്ന 9 തീര പ്രദേശങ്ങളിൽ അടിയന്തിര കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 22.5 കോടി രൂപ അനുവദിക്കാനും ആയത് ധനകാര്യനിയന്ത്രണം (ways and means) ബാധകമാക്കാതെ ധനവകുപ്പിൽ നിന്നും ചീഫ് എഞ്ചിനീയർ ഇറിഗേഷന് ഉടൻ അനുവദിക്കുന്നതിനും ജിയോ ബാഗുകൾ വാങ്ങുന്നതിന് ആവശ്യമായ തുക ജില്ലാ ദുരന്തനിവാരണ സമിതിയുടെ ലഭ്യമായ ഫണ്ടുകളിൽ നിന്നും എസ്റ്റിമേറ്റുകൾ അനുസരിച്ച് അതാത് ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അനുവദിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഉത്തരവാകുന്നു -

i)ജിയോബാഗുകൾകൊണ്ട് കടൽക്ഷോഭം പ്രതിരോധിക്കാൻ പ്രയാസമുള്ള ഭാഗങ്ങളിൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്താൽ

അംഗീകൃത നിരക്കുകളിൽ ഈ ധനകാര്യ അനുമതിക്കുവിധേയമായി മാത്രം കരിങ്കല്ല് ഉപയോഗിക്കാവുന്നതാണ്.

ii)ജില്ലാ ദുരന്ത നിവാരണ സമിതി അനുവദിക്കുന്ന തുക ഇറിഗേഷൻ വകുപ്പ് സമയബന്ധിതമായി തിരികെ അടയ്ക്കേണ്ടതാണ്.

iii)അനുബന്ധം 1- ലെ 9 പ്രവൃത്തികൾ അടിയന്തിരമായി നിർവ്വഹിക്കുന്നതിന് അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കേണ്ടതും, ഈ കമ്മിറ്റിയിൽ സ്ഥലത്തെ നിയമസഭാ സാമാജികരും, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളും, ബന്ധപ്പെട്ട ഇറിഗേഷൻ ഉദ്യോഗസ്ഥർ, മത്സ്യബന്ധന തുറമുഖ വകുപ്പുകളുടെ ഉദ്യോഗസ്ഥർ, എന്നിവർ അംഗങ്ങളായിരിക്കുന്നതുമാണ്.

iv)പ്രവൃത്തികൾ സുതാര്യമായി നടപ്പിലാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ.ബി.അശോക്**
സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്.
ചീഫ് എഞ്ചിനീയർ ഇറിഗേഷൻ & അഡ്മിനിസ്ട്രേഷൻ , തിരുവനന്തപുരം.
ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് , തിരുവനന്തപുരം.
ഡയറക്ടർ, തുറമുഖവകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
പൊതുഭരണ (എസ്.സി)വകുപ്പ് [12.6.2019-ലെ അജണ്ടക്ക് പുറത്തുള്ള ഇനം നം. 3088].
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Umesh
Date: 20 06 14:32:26 IST
സെക്ഷൻ ഓഫീസർ
Reason: Approved

File No.IR2/570/2017-WRD

പകർപ്പ്

ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തുറമുഖവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

<u>അനുബന്ധം (ഉടൻ ഏറ്റെടുക്കേണ്ട പ്രവൃത്തികൾ)</u>

| കടലാക്രമണ നിരോധന അടിയന്തിര പ്രവൃത്തികൾ | | |
|---|---|---|
| ജില്ല | അടിയന്തിര പ്രവൃത്തികൾ നടപ്പിലാക്കേണ്ട പ്രദേശം | തുക |
| തിരുവനന്തപുരം | ചെറിയതുറ, വലിയതുറ, പൂന്തുറ, അഞ്ചുതെങ്ങ്, | 3 കോടി |
| കൊല്ലം | ഇരവിപുരം, കളത്തിപ്പടം, ചാണക്കഴികം, ഗാർഫിൽ നഗർ, കച്ചിക്കടവ്, കാക്കത്തോപ്പ്, ചെറിയഴീക്കൽ, ശ്രായിക്കാട്, പണ്ടാരതുരുത്ത്, നീണ്ടകര, കോവിൽത്തോട്ടം, കരിത്തുറ, കോങ്ങൽ മലപ്പുറം ഉപ്പൂപ്പാ പള്ളി | 2.50 കോടി |
| ആലപ്പുഴ | വലിയഴീക്കൽ, തറയിൽക്കടവ്, പെരുംപ്പള്ളി, നല്ലാനിക്കൽ, ആറാട്ടുപ്പുഴ, തൃക്കുന്നപ്പുഴ, പാനൂർ കോമന, മാധവമുക്ക്, നീർക്കുന്നം, വണ്ടാനം, വളഞ്ഞവഴി, പുന്നപ്ര, പാതിരാപ്പള്ളി, ഓമനപ്പുഴ, കാട്ടൂർ കോളേജ് ജംഗ്ഷൻ, കോർത്തശ്ശേരി ഒറ്റമശ്ശേരി, ആയിരംതൈ, അർത്തുങ്കൽ, ആറാട്ടുവഴി, പള്ളിത്തോട് | 5 കോടി |
| എറണാകുളം | ചെല്ലാനം ബസാർ, വേളാങ്കണ്ണി ഭാഗം, ഉപ്പാത്തിക്കാട് തോടിൻറെ ഭാഗം, കമ്പനിപ്പടി , വാച്ചാക്കൽ, വൈപ്പിൻ ദ്വീപിൽ - നായരമ്പലം, വൈപ്പിൻ, അണിയിൽ ചെറായി മുനമ്പം കുഴിപ്പള്ളി വെളിയത്തുപറമ്പിൽ | 3 കോടി |
| തൃശ്ശൂർ | എറിയാട്, അഴീക്കോട്, എടവിലങ്ങ് പഞ്ചായത്തിലെ കാര, പുതിയ റോഡ്, മണപ്പാട്ടുച്ചാൽ, ആറാട്ടുവഴി, അയ്യപ്പൻപാലം പടിഞ്ഞാറുവശം, ലൈറ്റ് ഹൗസ് പരിസരം. മുനക്കൽ, തളിക്കുളം പഞ്ചായത്തിലെ തമ്പാൻക്കടവ്, പൊക്കാഞ്ചേരി, ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ പൊക്കളങ്ങര, ഏത്തായ് ബീച്ച് മുനയ്ക്കകടവ്, വെളിച്ചെണ്ണപടി, അഞ്ചങ്ങാടി, മൂസ റോഡ്, തൊട്ടാപ്പ്, സാഗർ ക്ലബ് പരിസരം, വാടാനപ്പള്ളി , ചാവക്കാട് | 3 കോടി |

| | | |
|---|---|---|
| മലപ്പുറം | പൊന്നാനി ലൈറ്റ് ഹൗസ് പരിസരം, പുത്തൻ കടപ്പുറം, വളപ്പിൽ മഖാം, അരിയല്ലൂർ ബീച്ച് പരപ്പാൽ ബീച്ച് , താനൂർ എടകടപ്പുറം ബീച്ച്, ചീരാൻ കടപ്പുറം, തേവർ കടപ്പുറം, മൈലാഞ്ചി കാട്, താനൂർ മുനിസിപ്പാലിറ്റി, പരപ്പനങ്ങാടി മുനിസിപ്പാലിറ്റി എന്നിവകളിൽപ്പെട്ട താനൂർ ഹാർബർ, ഒസ്സാൻ കടപ്പുറം, കെട്ടുങ്ങൽ ബീച്ച്, ആവിയിൽ ബീച്ച്, കെ.ടി. നഗർ മരക്കടവ്, മുറിഞ്ഞഴി, അലിയാർ പള്ളിക്ക സമീപം, ഹിളർ മസ്ജിദിനു സമീപം, മുല്ല റോഡ്, തണ്ണീർത്തുറ, അജ്മീർ നഗർ, പാലപ്പെട്ടി | 2 കോടി |
| കോഴിക്കോട് | ബേപ്പൂർ ഗോതീശ്വരം ,ഭട്ട്റോഡ് ബീച്ചിൽ, ശാന്തിനഗർ, കടലുണ്ടി, വാക്കടവ്, കപ്പലങ്ങാടി, ചാലിയം, മാറാട് കണ്ണൻകടവ് ബീച്ച് കാപ്പാട് ബീച്ച് കൊല്ലം പാറപ്പള്ളി ബീച്ച്, അയനിക്കാട്, കണ്ണൻകടവ്, കാപ്പാട്, പൊയിൽകാവ്, പാറപ്പള്ളി, . പുറങ്കര, സാൻറ് ബാങ്ക്സ്, ആനാട്, മുകച്ചേരി, ആവിക്കൽ കരിയാടി, കരിയാടി, പള്ളിത്താഴ, കളരിക്കൽ, മിത്തലെ പള്ളി, രയരങ്ങോത്ത്, കല്ലിൻറവിടെ, സ്വാമി മഠം, മടപ്പള്ളി, മാടാക്കര | 2 കോടി |
| കണ്ണൂർ | പുന്നോൽ, പെട്ടിപ്പാലം ,തലായി ,മാക്കൂട്ടം ,ചാലിൽ ,കൊട്ടുവള്ളി മണക്കാ ദീപ് ,പരീകടവ്,ഏഴരകടപ്പുറം,കണ്ണൂർ കോർപറേഷനിലെ തയ്യിൽ ,മൈതാനപ്പള്ളി കടലായി ,വാവുവളപ്പിൽ തോട് ,കക്കാടൻ ചാൽ ,നീരൊഴുക്ക് ചാൽ ,എട്ടിക്കുളം,പാലക്കോട് വലിയ കടപ്പുറം ,പുതിയങ്ങാടി,മാട്ടൂൽ നോർത്ത് | 1 കോടി |
| കാസർഗോഡ് | മുസ്സോടി കടപ്പുറത്ത,നാങ്കി-കൊപ്പള കടപ്പുറം. ചേരങ്കൈ കടപ്പുറം, കസബ കടപ്പുറം | 1 കോടി |
| ആകെ | | 22.50കോടി |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

| | | |
|---|---|---|
| 1 | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിൽ ചെറിയഴീക്കൽ സി.പി. സ്റ്റോൺ 447 കി.മീറ്ററിനും തെക്ക് മാറി 250 മീറ്റർ നീളത്തിൽ നാശ നഷ്ടം സംഭവിച്ച കടൽഭിത്തിയുടെ പുനരുദ്ധാരണം. | 98 ലക്ഷം |
| 2 | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിൽ ചെറിയഴീക്കൽ സി.പി. സ്റ്റോൺ 452 കി.മീറ്ററിൽ 75 മീറ്റർ തെക്കും സി.പി. സ്റ്റോൺ 452 മീറ്ററിൽ 75 മീറ്റർ വടക്കും മദ്ധ്യേ 150 മീറ്റർ നീളത്തിൽ നാശ നഷ്ടം സംഭവിച്ച കടൽഭിത്തിയുടെ പുനരുദ്ധാരണം. | 55 ലക്ഷം |
| 3 | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട് പഞ്ചായത്തിൽ പാരതുരുത്തിൽ സി.പി. സ്റ്റോൺ 440 മീറ്ററിൽ 150 മീറ്റർ നീളത്തിൽ നാശ നഷ്ടം സംഭവിച്ച കടൽഭിത്തിയുടെ പുനരുദ്ധാരണം. | 55 ലക്ഷം |
| 4 | കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ആലപ്പാട്ട് പഞ്ചായത്തിൽ ചെറിയഴീക്കലിലെ സി.പി. സ്റ്റോൺ 445 മീറ്ററിന് 280 മീറ്റർ തെക്ക് മുതൽ സി.പി. സ്റ്റോൺ 445 മീറ്ററിന് 100 മീറ്റർ വടക്ക് വരെ 350 മീറ്റർ നീളത്തിൽ നാശ നഷ്ടം സംഭവിച്ച കടൽഭിത്തിയുടെ പുനരുദ്ധാരണം. | 155 ലക്ഷം |
| | ആകെ | 363 ലക്ഷം |

സെക്ഷൻ ഓഫീസർ